11

# യേശുവിന്റെ സഭ: ദൗത്യം

യേശുവിന്റെ സഭക്കു വേറെയും തിരിച്ചറിയാവുന്ന പല അടയാള ങ്ങൾ പറയുവാൻ ഉണ്ട്,[1] എന്നാൽ ഞാൻ ഒന്നുകൂടെ മാത്രമെ ചർച്ച ചെയ്യുന്നുള്ളൂ. അതിനു ശേഷം ഈ ഭാഗത്തെക്കുറിച്ചുള്ള പഠനം അവ സാനിപ്പിക്കയാണ്.

### സഭയ്ക്കുള്ള വെല്ലുവിളി

ദൈവിക ദൗത്യത്തോടുകൂടിയ സ്ഥാപനമാണ് സഭ. യേശു ഒരിക്കൽ തന്റെ ദൗത്യം ഈ വാക്കുകളിൽ പ്രകടമാക്കി: "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രേ മനുഷ്യപുത്രൻ വന്നതു" (ലൂക്കോസ് 19:10). അവന്റെ സഭക്കു അതേ ഉദ്ദേശമാണുള്ളത്. അനേക ലക്ഷ്യങ്ങൾ പ്രാധാന്യമർഹിക്കുന്നതാണ്, എന്നാൽ ഒന്നുമാത്രം അത്യന്താപേക്ഷിതമാണ്: അതു സ്വർഗ്ഗത്തിലേക്കു പോകുന്നതാണ്. "ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം?" (മത്തായി 16:26).

സഭയുടെ വെല്ലുവിളിയാണ് ''നഷ്ടപ്പെട്ടവരെ രക്ഷിക്കുക [എന്നത്]" ഇതിനെ ചുരുങ്ങിയതു മൂന്നു ഉത്തരവാദിത്വങ്ങളായി വിഭജിക്കാവുന്നതാണ്:

(1) *സുവിശേഷീകരണം.* ഈ വാക്കിന്റെ "സുവിശേഷ" അർത്ഥം "[യേശുവിനെ] കുറിച്ചുള്ള നല്ല വിശേഷം അറിയിക്കുക" എന്നതാണ്. സുവിശേഷം പ്രസംഗിക്കുക എന്ന ഉത്തരവാദിത്വം യേശുവിന്റെ മഹത്തായ ആജ്ഞയിൽ നല്കിയിട്ടുണ്ട്:

> "യേശു അടുത്തു ചെന്നു സ്വർഗ്ഗത്തിലും ഭൂമിയിലും, സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും, നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും; പ്രാമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു, സകല ജാതിക

ളേയും ശിഷ്യരാക്കിക്കൊൾവിൻ, ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് എന്നു അരുളിചെയ്തു" (മത്തായി 28:19, 20).

> ... "പിന്നെ അവൻ അവരോടു നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വ സിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വ സിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (മർക്കൊസ് 16:15, 16).

ഓരോ ക്രിസ്ത്യാനിയും കണ്ടു മുട്ടുന്നവരോടു യേശുവിനെക്കുറിച്ചും അവന്റെ വഴിയെക്കുറിച്ചും പഠിപ്പിക്കേണ്ടതാണ്.

(2) *ആത്മിക വർദ്ധന.* "ആത്മിക വർദ്ധനവു" കൊണ്ടർത്ഥമാക്കു ന്നതു "പണിയുക" എന്നതാണ്. ക്രിസ്ത്യാനികൾ അന്യോന്യം പഠി പ്പിച്ചും പ്രബോധിപ്പിച്ചും പണിയപ്പെടേണ്ടവരാണ്. ഈ വെല്ലുവിളി കാണപ്പെടുന്ന ഒരു ഭാഗമാണ് എഫെസ്യർ 4:15-16:

> ... സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു, എന്ന തല യോളം, സകലത്തിലും വളരുവാൻ ഇടയാകും, ശരീരം മുഴുവനും, യുക്തമായി ചേർന്നും എകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യപാരത്തിന്നു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിലുള്ള വർദ്ധനക്കായി അവനിൽ നിന്നു [അല്ലെങ്കിൽ, ആത്മീക വർദ്ധനവ്] വളർച്ച പ്രാപിക്കുന്നു.

(3) *ധർമ്മോപകാരം:* ''ധർമ്മോപകാരം'' എന്ന വാക്ക് സൂചിപ്പിക്കുന്നത് നാം ''മറ്റുള്ളവരുടെ ക്ഷേമത്തെ'' ആഗ്രഹിച്ച് ചെയ്യുന്ന സഹായത്തെയാണ്. ധർമ്മോപകാരത്തിൽ സാധാരണ ആവശ്യങ്ങൾ നിറവേറ്റുന്നതും, ഭൗതിക സഹായമായ ആഹാരവും വസ്ത്രവും ഉൾപ്പെടുന്നു. മറ്റുള്ളവരെ സഹായിക്കേണ്ട ഉത്തരവാദിത്വത്തെക്കുറിച്ച് പുതിയ നിയമത്തിൽ അനേക വേദഭാഗങ്ങൾ പറയുന്നുണ്ട്.

> പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നുകാണുന്നതും, ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതുമാകുന്നു (യാക്കോബ് 1:27).

> ആകയാൽ, അവസരം കിട്ടും പോലെ നാം എല്ലാവർക്കും, വിശേഷാൽ, സഹവിശ്വാസികൾക്കും നന്മചെയ്ക (ഗലാത്യർ 6:10).

ഏതു സഭയായാലും - അതിന്റെ ദൈവം നല്കിയ - യഥാർത്ഥ ദൗത്യം

വിട്ടു പല പ്രവൃത്തികളിൽ വ്യാപരിക്കുക - വളരെ എളുപ്പമാണ്.

**നിങ്ങൾക്കുള്ള ഒരു വെല്ലുവിളി**

നമ്മുടെ ഒരുമിച്ചുള്ള പഠനം ഫലപ്രദമായിതീരുവാൻ, അതു വ്യക്തിപരവും പ്രായോഗികവുമാക്കി തീർക്കണം. യേശുവിന്റെ സഭ യെക്കുറിച്ചുള്ള ആറു പാഠങ്ങൾ (ഇതടക്കം) നിങ്ങൾ പുനരാവർത്തനം നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പിന്നെ പുതിയ നിയമത്തിലെ യേശുവിന്റെ സഭയെപ്പറ്റി പറഞ്ഞിരിക്കുന്നതും നാമധേയ വിഭാഗങ്ങളും തമ്മിൽ താരതമ്യം ചെയ്തു നോക്കുവാനും ശ്രമിക്കണമെന്നു പറയ ട്ടെ. ഈ അഭ്യാസത്തിന്നു, നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന വിഭാഗം ഏതാണെന്നതു കാര്യമാക്കേണ്ടതില്ല (നിങ്ങൾ അതു ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും) ഈ അഭ്യാസം വേർതിരിച്ചു മനസിലാക്കാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയാണ്. ഈ താരതമ്യത്തിനു നിങ്ങളെ സഹായിക്കുവാൻ, ആദ്യം ചില ചോദ്യങ്ങൾ ചോദിക്കണം.

ഇതു പോലെയുള്ള സാധാരണ ചോദ്യങ്ങൾ ചോദിക്കാം:

- ബൈബിളിലും, യേശുവിലും, ദൈവത്തിലും വിശ്വസിക്കുന്ന ദൈവ - ഭയമുള്ള സഭയാണോ ഇതു?
- ദൈവത്തെ പ്രസാദിപ്പിക്കുന്ന മനുഷ്യരെ ശക്തിപ്പെടുത്തുന്നതിനും സമർപ്പിക്കപ്പെട്ട സഭയാണോ ഇത്?

നമ്മുടെ പഠനവുമായി ബന്ധപ്പെട്ടു പ്രത്യേക ചോദ്യങ്ങളും നിങ്ങൾക്കു ചോദിക്കാം:

- ഈ സഭ വചനപ്രകാരമുള്ള പേരാണോ സ്വീകരിച്ചിരിക്കുന്നത്?
- ഈ സഭ വചനപ്രകാരമാണോ സംഘടിപ്പിച്ചിരിക്കുന്നത് ?
- അതിന്റെ ഉപദേഷ്ടാക്കന്മാരെ "പാസ്റ്റേഴ്സ്" എന്നാണോ വിളക്കു ന്നതു? അവർ വചന വിരുദ്ധമായ "റെവറന്റ്" തിരുമേനി തുടങ്ങിയ പേരുകൾ സ്വീകരിക്കുന്നുണ്ടോ?
- ഈ സഭ വചനപ്രകാരമാണോ ആരാധിക്കുന്നതു? എല്ലാ ആഴ്ചവ ട്ടത്തിന്റെ ഒന്നാം നാളിലും കർത്തൃമേശ എടുക്കുന്നുണ്ടോ? ആരാ ധനയിൽ അധരം കൊണ്ടുള്ള പാട്ടുപാടൽ മാത്രമാണോ നടക്കു ന്നത്?

നിങ്ങൾ ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ, സഭയുടെ ഹൃദയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിട്ടുകളയരുത് യേശു പറഞ്ഞു,

> ... "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും, പൂർണ്ണ മനസ്സോടും, കൂടെ സ്നേഹിക്കണം." ഇതാകുന്നു വലിയതും

ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേതു അതിനോടു സമം, "കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" (മത്തായി 22:37-39).

ഇതുപോലെയുള്ള കല്പനകൾ അനുസരിക്കുവാൻ പ്രബോധിപ്പിക്കപ്പെടുകയും ആരാധിച്ച് സേവിച്ച് പോകുവാൻ ഞങ്ങൾ ആഗ്രഹിക്കുകയും വേണം.

നമ്മുടെ അഭ്യാസത്തിന്റെ അവസാന ഭാഗമായി, പ്രാദേശികമായ ക്രിസ്തുവിന്റെ സഭയുമായും താരതമ്യം ചെയ്യുക. ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം ഇപ്പോൾ സഭ മുഖാന്തരം അറിയായ് വരുന്നു. ഒന്നാം നൂറ്റാണ്ടിലെ കർത്താവിന്റെ സഭ "ബൈബിൾ എവിടെ സംസാരിക്കുന്നുവോ അവിടെ സംസാരിക്കയും" "എവിടെ നിശബ്ദമായിരിക്കുന്നുവോ അവിടെ നിശബ്ദത പാലിക്കയും" ചെയ്യുന്നുണ്ടോ എന്നു പരിശോധിക്കണം (പ്രവൃത്തി 17:11).

**ഉപസംഹാരം**

ദൈവത്തിന്റെ "നിത്യമായ ഉദ്ദേശത്തിന്റെ" ഭാഗമായിരുന്നു യേശുവിന്റെ സഭ (എഫെസ്യർ 3:10, 11). "ദൈവ പരിജ്ഞാനം" "സഭയിലാണുള്ളത്" (എഫെസ്യർ 3:10). ദൈവമഹത്വം പ്രകാശിക്കുന്നതു സഭയിലാണ് (എഫെസ്യർ 3:21). "സത്യത്തിന്റെ തൂണും അടിസ്ഥാനവുമാണ്" സഭ (1 തിമൊഥെയൊസ് 3:15). സഭയെ സംബന്ധിച്ച നമ്മുടെ ഈ പഠനം നിങ്ങൾക്കു അനുമോദനമായി തീർന്നു എന്നു ഞാൻ കരുതുന്നു. ദൈവം നമുക്കു നല്കിയ മഹാകരുണയാണിത്.

കർത്താവിന്റെ സഭയെ തിരിച്ചറിയേണ്ടതും അതിൽ ഭാഗമാകേണ്ടതും ഇന്നു വളരെ പ്രാധാന്യമുള്ള കാര്യമാണ്. ഇന്നു സമൂഹത്തിൽ കാണുന്ന സഭകളുടെ പെരുപ്പം നിങ്ങളെ കലക്കിയിട്ടുണ്ടോ? ഈ കലക്കത്തിന്റെ മദ്ധ്യത്തിലും യേശുവിന്റെ സഭയെ തിരിച്ചറിയുന്നുണ്ടോ? ഇല്ല. എന്നിരുന്നാലും, ദൈവത്തിന്റെ സഹായവുമുണ്ടെങ്കിൽ, നിങ്ങൾക്ക് അതിനു കഴിയും. പൗലൊസിനെ പോലെ ക്രിയാത്മക സ്വഭാവമുള്ളവരാകുക, അവൻ പറഞ്ഞു, "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലിപ്പിയർ 4:13).

---

കുറിപ്പ്

[1]കർത്താവിന്റെ സഭയുടെ തിരിച്ചറിയാവുന്ന അടയാളങ്ങൾ എപ്പോൾ എവിടെ സ്ഥാപിതമായി എന്നതും ഉൾപ്പെടുന്നു (പ്രവൃത്തി 2). സഭയുടെ ഏകത്വവും ഊന്നൽ കൊടുത്തിരിക്കുന്നു (യോഹന്നാൻ 17:20, 21; 1 കൊരിന്ത്യർ 1:10-13; എഫെസ്യർ 4:4-6).